**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **19-06-2024 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേ 66-ന്റെ വികസനത്തിന് ഭൂമിയേറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാഷണൽ ഹൈവേ 66-ന്റെ വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിൽ ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി താലൂക്കിലെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഭൂമിയേറ്റെടുക്കാൻ നടപടി സ്വീകരിക്കാത്തത് മൂലം ഹൈവേയ്ക്ക് സർവ്വീസ് റോഡ് പൂർത്തീകരിക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്ത് ഭൂമിയേറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നാഷണൽ ഹൈവേ വികസനത്തിനായി അർത്ഥനാധികാരി ആവശ്യപ്പെട്ട മുഴുവൻ സ്ഥലവും അതായത് സർവീസ് റോഡിന് ആവശ്യമായ സ്ഥലം ഉൾപ്പെടെ ഏറ്റെടുത്ത് സബ് ഡിവിഷൻ റിക്കാർഡ് സഹിതം എൻ.എച്ച്.എ.ഐ.ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ